രക്ഷയുടെ പാതയിൽ-6



6

# ഈശോയെ അനുഭവിച്ച ജനം

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

## ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

പാഠം 5


# ദൈവിക മഹത്ത്വം വെളിപ്പെടുത്തിയ ഈശോ



പരുശുദ്ധ കന്യാമറിയം ഈശോയുടെ അടുക്കൽ ചെന്ന് പറഞ്ഞു. അവർക്കു വീഞ്ഞില്ല. ഈശോ മറുപടി പറഞ്ഞു. സ്ത്രീയേ എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇനിയും ആയിട്ടില്ല. (യോഹ 2:3-4). എങ്കിലും ദൈവപുത്രനിൽ പരിപൂർണ്ണ വിശ്വാസമർപ്പിച്ചുകൊണ്ട് അമ്മ പരിചാരകരോടു പറഞ്ഞു: അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ. അമ്മയുടെ അഭ്യർത്ഥനയെ മാനിച്ച് ഈശോ അത്ഭുതം പ്രവർത്തിച്ചു.



## കടലിനെ ശാന്തമാക്കുന്നു.



- വഞ്ചിയിൽ ഗലീലിയാ തടാകത്തിന്റെ മറുകരയിലേക്കു യാത്രചെയ്യുകയായിരുന്നു. ഈശോ അമരത്ത് തലയണവച്ചു കിടന്നുറങ്ങുകയായിരുന്നു. കുറച്ചുദൂരം പിന്നിട്ടപ്പോൾ വലിയ കൊടുങ്കാറ്റുായി.ശിഷ്യൻമാർ ഈശോയെ വിളിച്ചുണർത്തി.ഈശോ കാറ്റിനെ ശാസിച്ചുകൊ് കടലിനോടുപറഞ്ഞു.അടങ്ങുക ശാന്തമാവുക

"ഇവൻ ആരാണ് കാറ്റും കടലുംപോലും ഇവനെ അനുസരിക്കുന്നല്ലോ!(മർക്കോ,4:35-41)ഈശോ കൂടെയുങ്കെിൽ ജീവിതയാത്രയിൽ എന്തെല്ലാം ബുദ്ധിമുട്ടുകളുായാലും നമ്മൾ തകർന്നുപോകുകയില്ല എന്ന് ഈ അത്ഭുതം വ്യക്തമാക്കുന്നു.

# ബേത്സഥായിലെ രോഗശാന്തി

- യഹൂദരുടെ ഒരു തിരുനാളിന് ഈശോ ജറുസലേമിലേയ്ക്കു പോയി. ഹെബ്രായ ഭാഷയിൽ ബേത്സഥാ എന്നു വിളിക്കുന്ന ഒരു കുളമുായിരുന്നു. കുരുടരും മുടന്തരും തളർവാതക്കാരുമായ അനേകം രോഗികൾ കിടന്നിരുന്നു. മുപ്പത്തിയെട്ടു വർഷമായി രോഗിയായിരുന്ന ഒരുവൻ അവിടെ ഉണ്ടായിരുന്നു. "സുഖം പ്രാപിക്കാൻ നിനക്ക് ആഗ്രഹമുോ?' ഈശോ അവന് സൗഖ്യം കൊടുത്തുകൊു പറഞ്ഞു, 'എഴുന്നേറ്റു കിടക്കയും എടുത്തു നടക്കുക.



# ലാസറിനെ ഉയിർപ്പിക്കുന്നു

ഈശോയുടെ ഉററ സുഹൃത്തായിരുന്ന മർത്തായുടെയും മറിയത്തിന്റെയും സഹോദരനായ ലാസർ. ഒരിക്കൽ മരണകരമായ രോഗം അവനെ ബാധിച്ചു ലാസറിന്റെ സഹോദരിമാർ ആളയച്ച് ഈശോയെ വിവരമറിയിച്ചു. എന്നിട്ടും ഈശോ 2 ദിവസം കൂടി കഴിഞ്ഞാണ് ബഥാനിയായിലേക്കു പോയത്. ഈ രോഗം ദൈവത്തിന്റെ മഹത്വത്തിനും അതുവഴി ദൈവപുത്രൻ മഹത്വം പ്രാപിക്കുന്നതിനും വേ ണ്ടിയുള്ളതാണെന്ന് അവിടുന്നറിഞ്ഞിരുന്നു.



ബഥാനിയായിലെത്തിയപ്പോൾ ലാസർ മരിച്ചിട്ട് നാലാം ദിവസം ആയിരുന്നു.
"നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും."
"ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.
"വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കുമെന്നു ഞാൻ നിന്നോടു പറഞ്ഞില്ലേ"? "ലാസറേ പുറത്തുവരുക"

# നമുക്കു പ്രാർത്ഥിക്കാം

മറിയത്തിന്റെ അപേക്ഷയാൽ കാനായിൽ വെള്ളം വീഞ്ഞാക്കിയ മിശിഹായേ, ജീവിതത്തിലെ പരാജയങ്ങളിലും പോരായ്മകളിലും അങ്ങയിൽ ആശ്രയിച്ചു ജീവിക്കാൻ ഞങ്ങളെ പഠിപ്പിക്കണമേ.

# നമുക്കു പാടാം



അനവധിയത്ഭുത ശക്തികളും
അടയാളങ്ങളുമനുവേലം
വെളിവാക്കിക്കൊടീ ധരയിൽ
ദൈവത്തിൻ സുതനാഗതനായ്
അധരം നിഖിലം ലോകത്തിൽ
നാവിൽ നാഥനെ വാഴ്ത്തട്ടെ
ജീവന്നുറവാം ദൈവത്തിൻ
സുതനെന്നും സ്തുതിപാടട്ടെ.

# ദൈവവചനം വായിക്കാം

# വിവരിക്കാം

(യോഹ. 11:1-44)



# വഴികാട്ടാൻ ഒരു തിരുവചനം

"ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"

(യോഹ. 11:25)

# എന്റെ തീരുമാനം

**അനുദിന ജീവിതത്തിലെ വിജയങ്ങളിലും പരാജയങ്ങളിലും ദൈവത്തിന്റെ പരിപാലനം ഞാൻ ദർശിക്കും.**

Thank you